"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ്- 2026-27അധ്യയന വർഷത്തെ അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവവുമായി ബന്ധപ്പെട്ട ധനകാര്യ ഇടപാടുകൾക്കായി സൂപ്രണ്ട് & ജനറൽ കൺവീനറിന്റെ പേരിൽ ഒരു കറന്റ് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (സ്ക്രീംലൈനിംഗ്) വകുപ്പ്

സ.ഉ.(സാധാ) നം.8572/2026/FIN തീയതി,തിരുവനന്തപുരം, 09-11-2026

പരാമർശം:- സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ **14.10.2026** തീയതിയിലെ **DTETVM/6107/2026-FINA2 (FINA)** നമ്പർ കത്ത്

ഉത്തരവ്

2026-27അധ്യയന വർഷത്തെ 47-ാമത് അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവവുമായി ബന്ധപ്പെട്ട ധനകാര്യ ഇടപാടുകൾക്കായി സൂപ്രണ്ട്& ജനറൽ കൺവീനറിന്റെ പേരിൽ ഒരു കറന്റ് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി നൽണമെന്ന് പരാമർശ കത്ത് പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2026-27 അധ്യയന വർഷത്തെ അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവവുമായി ബന്ധപ്പെട്ട ധനകാര്യ ഇടപാടുകൾക്കായി സൂപ്രണ്ട് & ജനറൽ കൺവീനറിന്റെ പേരിൽ തോട്ടട എസ്.ബി.ഐ. ബ്രാഞ്ചിൽ ഒരു കറന്റ് അക്കൗണ്ട് ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി

ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) ടി ആവശ്യത്തിനായി തുറക്കുന്ന ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള എല്ലാ പണമടവുകളും അക്കൗണ്ട് പേയീ ചെക്ക് മുഖേന മാത്രമായിരിക്കേണ്ടതാണ്

(ii) അക്കൗണ്ടിൽ നിന്നുള്ള ചെലവുകൾക്ക് സർക്കാർ ചെലവുകൾക്ക് ബാധകമായിട്ടുള്ള എല്ലാ വ്യവസ്ഥകളും കർശനമായി പാലിക്കേണ്ടതാണ്.

(iii)കലോൽസവം പൂർത്തീകരിച്ചതിന് ശേഷം, പരിപാടിയ്ക്കായി ചെലവ് വകയിരുത്തിയിരിക്കുന്ന ബന്ധപ്പെട്ട ബജറ്റ് ഹെഡിലേക്ക് ,ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്ന തുക രണ്ട് ആഴ്ചയ്ക്കുള്ളിൽ കൈമാറേണ്ടതും, തുടർന്ന് ടി അക്കൗണ്ട് ഔദ്യോഗികമായി അവസാനിപ്പിക്കേണ്ടതാണ്.

(iv) ചെലവുകൾ ബന്ധപ്പെട്ട മേൽനോട്ട ഉദ്യോഗസ്ഥർ കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുരേഷ് കുമാർ ഒ ബി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ)കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്,

തിരുവനന്തപുരം

ഉന്നതവിദ്യാഭ്യാസ (ജെ) വകുപ്പ് (UO (F) No. HEDN-J2/153/2026-HEDN Computer No.

3587231 പ്രകാരം)

ധനകാര്യ (വിദ്യാ -സി) വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E:3589309)

ഉത്തരവിൻ പ്രകാരം

Digitally signed by
Anuja Sreedhar
Date: 09-11-2026
16:58:57

സെക്ഷൻ ഓഫീസർ